അന്തരിച്ചുപോയ ഈ മഹദ്‌വ്യക്തികളോടുള്ള ബഹുമാനസൂചകമായി അംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്നു അനുശോചനം രേഖപ്പെടുത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

(The House Stood in silence for two minutes as a mark of respect to the memory of the departed.)

III ADJOURNMENT MOTION

മി. സ്പീക്കർ : ബഹുമാനപ്പെട്ട പല മെമ്പറന്മാരും അടിയന്തിരപ്രമേയങ്ങൾക്കു തന്നിട്ടുള്ള നോട്ടീസുകൾ പലതും റൂൾ 61 അനുസരിച്ചു ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്താവുന്നതു പ്രാധാന്യംമാത്രമുള്ളതായിട്ടാണു കാണുന്നതു്. അങ്ങനെ തന്നിട്ടുള്ളവയെല്ലാം അടിയന്തിരപ്രമേയങ്ങളായി പരിഗണനയ്ക്കെടുക്കാൻ നിവൃത്തിയില്ല. മേലാൽ അടിയന്തിരപ്രമേയങ്ങൾക്കു നോട്ടീസു നൽകുമ്പോൾ ചട്ടങ്ങളിൽ അനുശാസിക്കുന്ന പ്രാധാന്യമുള്ളവമാത്രം കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുകയാണു്.

മന്നം ഷുഗർമിൽസു പൂർണ്ണമായി അടച്ചിടാൻ മാനേജ്‌മെൻറു തീരുമാനിച്ചതുമൂലം ഇരുന്നൂറിൽപരം തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെടാനും, മിൽസിന്റെ ഭാവി പ്രവർത്തനത്തിനു് ഹാനിനേരിടാനും ഇടയുള്ളതിനാൽ ഈ പ്രശ്നം ചർച്ചചെയ്യുവാൻ ശ്രീ. പി. ആർ. മാധവൻപിള്ളയും ശ്രീ. പി. കെ. കുഞ്ഞച്ചനും ഓരോ നോട്ടീസു നൽകിയിട്ടുണ്ടു്.

തോഷിബാ ആനന്ദ് ലിമിറ്റഡിൽ തൊഴിലാളിയൂണിയൻ അംഗീകരിച്ചുകിട്ടുന്നതിനും, തൊഴിലാളികൾക്കു സുരക്ഷിതത്വം കിട്ടുന്നതിനും വേണ്ടിനടത്തുന്ന സമരത്തെ മാനേജ്മെൻറു അക്രമപരമായ രീതിയിൽ നേരിടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ചർച്ചചെയ്യാൻ ശ്രീ. ഇ. ബാലാനന്ദൻ ഒരു നോട്ടീസു നല്കിയിട്ടുണ്ടു്.

തോഷിബാ ആനന്ദ് ലിമിറ്റഡിലെ തൊഴിൽക്കുഴപ്പത്തെപ്പറ്റി ഗവണ്മെൻറിന്റെ ശ്രദ്ധ ക്ഷണിക്കാൻ ശ്രീ. കെ. എം. ജോർജ്ജും ശ്രീ. എ. പി. കുര്യനും റൂൾ 61 അനുസരിച്ചും നോട്ടീസുകൾ നൽകിയിട്ടുണ്ടു്.

കൊല്ലം ജില്ലയിലെ ഒരു ലക്ഷത്തോളം വരുന്ന കശുവണ്ടിത്തൊഴിലാളികൾ, 7-8-1969 മുതൽ ആരംഭിച്ചിരിക്കുന്ന പണിമുടക്കിനെക്കുറിച്ചു ചർച്ചചെയ്യാൻ ശ്രീ. ഇ. ചന്ദ്രശേഖരൻനായർ ഒരു നോട്ടീസു് നൽകിയിട്ടുണ്ടു്.

അളഗപ്പാനഗറിലുള്ള ത്യാഗരാജ പോളിടെക്നിക്കിലെ അദ്ധ്യാപകർ പണിമുടക്കിയതുകാരണം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ചർച്ചചെയ്യാൻ ശ്രീ. പി. പി. ജോർജ്ജും ശ്രീ. പി. എസ്. നമ്പൂതിരിയും ഓരോ നോട്ടീസു് നൽകിയിട്ടുണ്ടു്.

കേരളത്തിലെ എയിഡഡ് സ്കൂൾ നോൺ ടീച്ചിംഗ് സ്റ്റാഫ് അസ്സോസിയേഷൻ ആരംഭിച്ചിരിക്കുന്ന പ്രത്യക്ഷസമരപരിപാടികൾ മൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം ചർച്ചചെയ്യാൻ ശ്രീ. പി. ഉണ്ണികൃഷ്ണപിള്ളയും നോട്ടീസു നൽകിയിട്ടുണ്ടു്.

ഇതെല്ലാം പ്രാധാന്യമുള്ള കാര്യങ്ങളാണെങ്കിലും അടിയന്തിരപ്രമേയം എന്ന നിലയിൽ അനുവദിക്കാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 61 അനുസരിച്ചു ഈ കാര്യങ്ങൾ കൊണ്ടുവന്നാൽ യുക്തമായ നടപടികൾ സ്വീകരിക്കാവുന്നതാണു്. അടിയന്തിരപ്രമേയത്തിനു നോട്ടീസു നൽകുമ്പോൾ അതുസംബന്ധിച്ച നിയമം കർശനമായി അനുസരിക്കണമെന്നുകൂടി ഓർമ്മിപ്പിക്കുകയാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : കൊല്ലം കശുവണ്ടിവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ഒരു ലക്ഷത്തോളം തൊഴിലാളികളെ സ്പർശിക്കുന്ന കാര്യം വളരെ പൊതുപ്രാധാന്യമുള്ളതായതുകൊണ്ടു അടിയന്തിര പ്രാധാന്യമുള്ളതായി പരിഗണിക്കാവുന്നതാണു്. അവർ പണിമുടക്കു ആരംഭിച്ചിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ജോർജ്ജ് : തോഷിബാ ആനന്ദിലെ തൊഴിൽപ്രശ്നവും വളരെ പ്രാധാന്യമുള്ളതാണു്. മാനേജ്മെൻറും തൊഴിലാളികളുമായി സംഘർഷാവസ്ഥയുണ്ടായിട്ടുണ്ടു്. അതിനു അടിയന്തിരമായി പരിഹാരം ഉണ്ടാക്കേണ്ടതാണു്.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : മന്നം ഷുഗർമിൽസിലെ കാര്യത്തെപ്പറ്റി എന്തു പരിഹാരമാണുണ്ടാകാൻ പോകുന്നതെന്നറിഞ്ഞില്ല.

മി. സ്പീക്കർ : നോട്ടീസിലെ വിവരങ്ങളെല്ലാം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞു. മന്ത്രിമാർ അതിന്മേൽ വേണ്ടതു ശ്രദ്ധപതിപ്പിക്കുമെന്നു വിശ്വസിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി : കശുവണ്ടിത്തൊഴിലാളികളുടെ പണിമുടക്കിനെ സംബന്ധിച്ചു റൂൾ 61 അനുസരിച്ചു ഒരു നോട്ടീസുതന്നിട്ടുണ്ടു്. അവർ പണിമുടക്കിക്കഴിത്തിരിക്കുകയാണു്. ഇന്നലെയാണു പണിമുടക്കാരംഭിച്ചതു്. നിയമപ്രകാരം പണിമുടക്കു നോട്ടീസുകൊടുത്തു കാലാവധി കഴിഞ്ഞിട്ടാണു് പണിമുടക്കു തുടങ്ങിയതു്.

മി. സ്പീക്കർ : അങ്ങനെയൊരു നോട്ടീസു റൂൾ 61 അനുസരിച്ചു കിട്ടിയിട്ടുണ്ടു്.

IV. CALLING ATTENTION UNDER RULE 61

Explosion on the quarry near Kottara in Wadakkancherry

മി. സ്പീക്കർ : ശ്രീ എൻ. കെ. ശേഷൻറെ റൂൾ 61 അനുസരിച്ചുള്ള നോട്ടീസിനെപ്പറ്റി സംസാരിക്കാം.

ശ്രീ. എൻ. കെ. ശേഷൻ : സർ, വളരെ ദാരുണമായ ഒരു സംഭവത്തിലേക്കു് ഈ സഭയുടെയും ബഹുമാനപ്പെട്ട ഗവണ്മെൻറിൻറെയും ശ്രദ്ധ ക്ഷണിക്കാനാണു് ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുന്നതു്. സ്ഥലം വടക്കേഞ്ചേരി ; സംഭവം നടക്കുന്നതു് 5-8-1969-ൽ ; സമയം ഉച്ചതിരിഞ്ഞു്. ഏതാനും തൊഴിലാളികളും ഒട്ടപാറ എന്ന സ്ഥലത്തു് പാറപൊട്ടിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ഭൂരിൽപരം തൊഴിലാളികളും ജോലിയിൽ ഏർപ്പെട്ടിരുന്നു. വെടിമരുന്നുകൊണ്ടു് പാറപൊട്ടിച്ചതിനെത്തുടർന്നു അടുത്തുനിന്നിരുന്ന ഒരു വലിയപാറ പെട്ടെന്നു ഇടിഞ്ഞുവീണതിൻറെ ഫലമായി മൂന്നുപേർ അതിദാരുണമായ നിലയിൽ മണ്ണിനടിയിൽപെട്ടു് ജീവനോടെ കുഴിച്ചുമൂടപ്പെടുകയാണുണ്ടായതെന്നു റിപ്പോർട്ടുണ്ടു്. വെടിമരുന്നുപയോഗിച്ചു പാറപൊട്ടിക്കുന്ന അവസരത്തിൽ അടുത്തുനിന്നിരുന്ന പാറപൊട്ടിതെറിക്കുകയും, പൊട്ടി വീണ പാറയുടെ അടിയേറ്റു രണ്ടു സ്ത്രീയും ഒരു കുട്ടിയും ദാരുണമായ മരണത്തിനിടയാവുകയുമാണുണ്ടായതു്. ആ സംഭവത്തെത്തുടർന്നു ആർ. ഡി. ഒ. യും തഹസീൽദാരും മറ്റും അവിടെചെന്നതായിട്ടാണു് എനിക്കു മനസ്സിലാക്കാൻ സാധിച്ചതു്. പക്ഷെ മരണമടഞ്ഞവരുടെ കുടുംബത്തിൻറെ ഭാവി സുരക്ഷിതത്വത്തിനും സമാധാനത്തിനുംവേണ്ടി ഗവണ്മെൻറിൽനിന്നു എന്തെങ്കിലും ധനസഹായം നൽകുന്നതിനു സാധിക്കുമോ എന്നതിനെസംബന്ധിച്ചു അന്വേഷിച്ചതിൽ ഗവണ്മെൻറിലേക്കു എഴുതിയിട്ടുണ്ടെന്ന മറുപടിയാണു് കളക്ടരിൽനിന്നു അവർക്കു് ലഭിച്ചിട്ടുള്ളതു്. മാത്രമല്ല, അപമൃത്യുവിനിരയായവർക്കു പുറമേ വേറെ ചില തൊഴിലാളികളുടെ നിലയും ഗുരുതരമായിട്ടുണ്ടു്. ചിലരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടു്. അവർക്കു വേണ്ടതു ശുശ്രൂഷകളും ലഭിക്കുന്നുണ്ടോ എന്നകാര്യം അന്വേഷിക്കേണ്ടതാണു്.

എനിക്കു പറയാനുള്ളതു് ഈ പ്രശ്നത്തിൽ പ്രകൃതിക്ഷോഭംകൊണ്ടായാലും മറ്റുതരത്തിലുള്ള ഹേതുക്കളാലും ഉദ്ദരന്തങ്ങൾക്കു വിധേയരായിട്ടുള്ളവരുടെ കുടുംബങ്ങൾക്കു് വേണ്ടതു സഹായം ചെയ്യുന്നതിനു്, മറ്റെന്തെങ്കിലും ബന്ധപ്പെട്ടവർ അർഹരായിട്ടുണ്ടെങ്കിൽ അവർക്കു വേണ്ട സഹായം ചെയ്യുന്നതിനും ഗവണ്മെൻറു മുൻകൈയെടുക്കണമെന്നാണു്. ഈ കാര്യങ്ങളും ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെടുത്തണമെന്നുണ്ടു് ഞാൻ എൻറെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ അടുത്ത തിങ്കളാഴ്ച വിവരം അന്വേഷിച്ചിട്ടു മറുപടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly